1996–2001 കാലയളവിൽ ഭരണാനുമതി ലഭിച്ച റോഡുകളും പാലങ്ങളും

45 [3570] *ശ്രീ. എം. മുരളി:*

„ *ടി. യു. രാധാകൃഷ്ണൻ:*

„ *സി. പി. മുഹമ്മദ്:*

„ *ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996–2001 കാലയളവിൽ ഭരണാനുമതി നൽകിയ ഏതെങ്കിലും റോഡിന്റെയോ പാലത്തിന്റെയോ പണി ഇതുവരെ ടെണ്ടർ ചെയ്യാതെയുണ്ടോ;

(ബി) എങ്കിൽ എത്രയെണ്ണമെന്നും ഏതൊക്കെയാണെന്നും വെളിപ്പെടുത്താമോ;

(സി) ഈ കാലയളവിൽ ഭരണാനുമതി നൽകിയ എത്ര പാലത്തിന്റെയും റോഡുകളുടെയും പണി പൂർത്തിയായിട്ടുണ്ടെന്നും എത്രയെണ്ണത്തിന്റെ പണി പൂർത്തിയാവാനുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) – (സി) വിവരം ശേഖരിച്ചു വരുന്നു.

ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച മരാമത്ത് പണികളുടെ പൂർത്തീകരണം

46 [3572] *ശ്രീ. ജി. പ്രതാപ്‌വർമ്മ തമ്പാൻ:*

„ *കെ. ബാബു:*

„ *കെ. എ. ചന്ദ്രൻ:*

„ *എ. കെ. മണി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരമേറ്റ് ആദ്യത്തെ നൂറു ദിവസത്തിനുള്ളിൽ എന്തു തുകയ്ക്കുള്ള മരാമത്ത് പണികൾക്ക് ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകി എന്നു വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പണികളുടെ കരാർ നൽകിയോ;

(സി) പ്രസ്തുത പണികൾ എത്ര കാലത്തിനുള്ളിൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇതു സംബന്ധിച്ച് ബന്ധപ്പെട്ട കരാറുകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നിശ്ചിത സമയപരിധിക്ക് മുമ്പുതന്നെ എല്ലാ പണികളും പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത കാലയളവിൽ 251.45 കോടി രൂപയ്ക്കുള്ള ഭരണാനുമതിയും 31 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ദർഘാസ് ക്ഷണിക്കുന്നത് മുതൽ രണ്ടു വർഷത്തിനകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഉണ്ട്.

(ഇ) സാങ്കേതികാനുമതി നൽകൽ ദർഘാസ് ക്ഷണിക്കൽ/അംഗീകരിക്കൽ, കരാർ ഉറപ്പിക്കൽ തുടങ്ങിയവയ്ക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകളുടെ പണി

47 [3573] *ശ്രീ. എം. എ. ചന്ദ്രശേഖരൻ:*

„ *എം. മുരളി:*

„ *ഡി. സുഗതൻ:*

„ *വി. ജെ. പൗലോസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര കിലോമീറ്റർ റോഡ് മരാമത്ത് വകുപ്പ് ഏറ്റെടുത്തു;

(ബി) ഇവയിൽ എത്ര കിലോമീറ്റർ റോഡ് വകുപ്പിന്റെ റോഡ് വിഭാഗം വിഭാവന ചെയ്തിട്ടുള്ള സ്റ്റാൻഡേർഡ് അനുസരിച്ച് പണി പൂർത്തിയാക്കി;

(സി) ബാക്കിയുള്ളവയുടെ പണി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് പൂർത്തിയാക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 11,000 കിലോമീറ്ററോളം റോഡുകൾ ഏറ്റെടുത്തിട്ടുണ്ട്.

(ബി) ആന്റ് (സി) പ്രസ്തുത പണികൾ ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി പ്രവർത്തികൾ എന്ന് പൂർത്തിയാകുമെന്ന് കൃത്യമായി പറയാൻ നിർവാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly